2011-12 സാമ്പത്തിക വർഷത്തിലെ ആദായ നികുതി കണക്കാക്കി ഫെബ്രുവരി മാസത്തെ ശമ്പള ബില്ലിൽ നിന്നും അവസാനത്തെ ഗഡു കിഴിവ് ചെയ്യേണ്ടതുണ്ട്. ഇതുവരെ അടച്ച അഡ്വാൻസ് ടാക്സ് തുകകൾ കഴിച്ച് ബാക്കി നൽകാനുള്ള ടാക്സ് മുഴുവനായും മാർച്ച് 31 ന് മുമ്പ് അതായത് ഫെബ്രുവരി മാസത്തെ ബില്ലിൽ നിന്നും കുറവ് ചെയ്യണം.

ഗസറ്റഡ് ഉദ്യോഗസ്ഥർ ഫോം 16 തയ്യാറാക്കി ഫെബ്രുവരി മാസത്തെ ബില്ലിനോടൊപ്പം ട്രഷറികളിൽ സമർപ്പിക്കേണ്ടതുണ്ട്. നോൺ ഗസറ്റഡ് ഉദ്യോഗസ്ഥർ അവരുടെ വരുമാനത്തിന്റെ വിവരങ്ങളടങ്ങിയ സ്റ്റേറ്റ്മെന്റ് ഓഫീസ് മേധാവിക്ക് നല്കുകയും അതിന്റെ അടിസ്ഥാനത്തിൽ ഓഫീസ് മേധാവി ടാക്സ് ബില്ലിൽ നിന്നും ഡിഡക്ട് ചെയ്യേണ്ടതുമാണ്. ഇത് ഓഫീസ് മേധാവികളുടെ ഉത്തരവാദിത്തമാണെന്ന് ഓർക്കുക.

ആദായ നികുതി വളരെ ലളിതമായി കണക്കാക്കുന്നതിനും സ്റ്റേറ്റ്മെന്റ് , ഫോം 16 എന്നിവ പ്രിന്റ് ചെയ്യുന്നതിനും തയ്യാറാക്കിയിട്ടുള്ളതാണ് **EASY TAX**. ടാക്സ് കാൽക്കുലേഷനെക്കുറിച്ച് വലിയ അറിവില്ലാത്തവർക്കു പോലും തങ്ങളുടെ ടാക്സ് കണക്കാക്കുന്നതിനും സ്റ്റേറ്റ്മെന്റുകൾ പ്രിന്റ് ചെയ്യുന്നതിനും ഇത് സഹായിക്കുന്നു.

എങ്കിലും ഇൻകം ടാക്സുമായി ബന്ധപ്പെട്ട ചില പ്രധാനപ്പെട്ട വിവരങ്ങൾ ചുവടെ ചേർക്കുന്നു.

# 2011-12 വർഷത്തിലെ ആദായ നികുതി നിരക്കുകൾ

## 65 വയസ്സിൽ താഴെയുള്ള പുരുഷന്മാർ

- വരുമാനം 1,80,000 രൂപ വരെ – നികുതിയില്ല
- വരുമാനം 1,80,001 മുതൽ 5,00,000 രൂപ വരെ – 10ശതമാനം
- വരുമാനം 5,00,001 മുതൽ 8,00,000 രൂപ വരെ – 20ശതമാനം
- വരുമാനം 8,00,001 മുതൽ മുകളിലേക്ക് – 30ശതമാനം

## 65 വയസ്സിൽ താഴെയുള്ള സ്ത്രീകൾ

- വരുമാനം 1,90,000 രൂപ വരെ – നികുതിയില്ല
- വരുമാനം 1,90,001 മുതൽ 5,00,000 രൂപ വരെ – 10ശതമാനം
- വരുമാനം 5,00,001 മുതൽ 8,00,000 രൂപ വരെ – 20ശതമാനം
- വരുമാനം 8,00,001 മുതൽ മുകളിലേക്ക് – 30ശതമാനം

## 65 വയസ് മുതൽ 80 വയസ് വരെയുള്ള സീനിയർ സിറ്റിസൻ

- വരുമാനം 2,50,000 രൂപ വരെ – നികുതിയില്ല
- വരുമാനം 2,50,001 മുതൽ 5,00,000 രൂപ വരെ – 10ശതമാനം
- വരുമാനം 5,00,001 മുതൽ 8,00,000 രൂപ വരെ – 20ശതമാനം
- വരുമാനം 8,00,001 മുതൽ മുകളിലേക്ക് – 30ശതമാനം

## 80 വയസിന് മുകളിലുള്ള സീനിയർ സിറ്റിസൻ

- വരുമാനം 5,00,000 രൂപ വരെ – നികുതിയില്ല
- വരുമാനം 5,00,001 മുതൽ 8,00,000 രൂപ വരെ – 20ശതമാനം

- വരുമാനം 8,00,001 മുതൽ മുകളിലേക്ക് – 30ശതമാനം

## ആദായ നികുതി കണക്കാക്കുന്ന വിധം

2011 ഏപ്രിൽ 1 മുതൽ 2012 മാർച്ച് 31 വരെയുള്ള കാലയളവിൽ ലഭിച്ച വരുമാനമാണ് ടാക്സ് കണക്കാക്കാൻ പരിഗണിക്കേണ്ടത്. എന്നാൽ ഓരോ മാസത്തേയും ശമ്പളം തൊട്ടടുത്ത മാസമാണ് ലഭിക്കുന്നത് എന്നത് കൊണ്ട് 2011 മാർച്ചിലെ ശമ്പളം ഇതിൽ ഉൾപ്പെടുത്തുകയും 2012 മാർച്ചിലെ ശമ്പളം ഇതിൽ നിന്ന് മാറ്റി നിർത്തുകയും ചെയ്യുന്നു. മാർച്ച് 31 വരെ ഉണ്ടാകാൻ സാധ്യതയുള്ള എല്ലാ ഡിഡക്ക്ഷനുകളും കണക്കിലെടുക്കാവുന്നതാണ്. ശമ്പളം എന്നാൽ അടിസ്ഥാന ശമ്പളം, ക്ഷാമബത്ത, വീട്ടുവാടക ബത്ത, സാലറി അരിയർ , ഡി.എ.അരിയർ , സ്പെഷ്യൽ അലവൻസുകൾ , ഏൺഡ് ലീവ് സറണ്ടർ , ഫെസ്റ്റിവൽ അലവൻസ്, ബോണസ്, പേ റിവിഷൻ അരിയർ എന്നിവയെല്ലാം ഇതിൽ ഉൾപ്പെടുത്തണം. ഫെസ്റ്റിവൽ അഡ്വാൻസ് , യൂണിഫോം അലവൻസ്, ഹിൽ ഏരിയ അലവൻസ്, യാത്രാപ്പടി എന്നിവ ഉൾപ്പെടുത്തേണ്ടതില്ല.

മുകളിൽ വിശദീകരിച്ച രീതിയിൽ മൊത്തം ശമ്പളം കണക്കാക്കി അതിൽ നിന്നും ഇനി പറയുന്നവ കുറയ്ക്കാവുന്നതാണ്.

**1) വീട്ടുവാടക ബത്ത ( HOUSE RENT ALLOWANCE)**

നിങ്ങൾ താമസിക്കുന്നത് വാടക വീട്ടിലാണെങ്കിൽ മാത്രം, വിട്ടുവാടക ബത്ത താഴെ കൊടുത്തിട്ടുള്ള മൂന്ന് തുകകളിൽ ഏതാണോ ചെറുത് അത് കുറവ് ചെയ്യാം.

- യഥാർത്ഥത്തിൽ ഈ വർഷം കൈപ്പറ്റിയ വീട്ടുവാടക ബത്ത
- അടിസ്ഥാന ശമ്പളവും ക്ഷാമബത്തയും കൂടി കൂട്ടിയ തുകയുടെ 10 ശതമാനത്തിനേക്കാൾ അധികം നൽകിയ വാടക
- അടിസ്ഥാന ശമ്പളവും ക്ഷാമബത്തയും കൂടി കൂട്ടിയ തുകയുടെ 40 ശതമാനം വരുന്ന തുക

സാധാരണ ഗതിയിൽ ഇത് കുറവ് ചെയ്യുന്നതിന് ഒരു ഡിക്ളറേഷൻ എഴുതി നൽകിയാൽ മതിയെങ്കിലും മിക്ക ട്രഷറികളിൽ നിന്നും വാടക രസീത് ആവശ്യപ്പെടാറുണ്ട്.

**2) വാഹന ബത്ത** വാങ്ങിയിട്ടുണ്ടെങ്കിൽ, പരമാവധി ഒരു മാസം 800 രൂപ പ്രകാരം ഒരു വർഷം 9600 രൂപയോ അതല്ലെങ്കിൽ യഥാർത്ഥത്തിൽ വാങ്ങിയ തുകയോ ഏതാണോ കുറവ് അത് കുറവ് ചെയ്യാവുന്നതാണ്.

**3) തൊഴിൽ നികുതിയിനത്തിൽ നൽകിയ തുക** (രണ്ടു ഗഡുക്കളും കൂടി കൂട്ടിയത്)

മൊത്തം ശമ്പളവരുമാനത്തിൽ നിന്നും മുകളിൽ കൊടുത്ത കിഴിവുകൾ വരുത്തിയതിന് ശേഷം കിട്ടുന്ന തുകയെ Net Salary Income എന്നറിയപ്പെടുന്നു. ഇതിനോട് കൂടി വാടക കെട്ടിടങ്ങളിൽ നിന്നുള്ള വരുമാനം, ബിസിനസ് & പ്രൊഫഷൻ, കാപിറ്റൽ ഗെയിൻ, മറ്റു വരുമാനം തുടങ്ങിയ സ്രോതസ്സുകളിൽ നിന്നുള്ള വരുമാനം കൂട്ടേണ്ടതുണ്ട്.

ഇതിൽ ശ്രദ്ധിക്കേണ്ട ഒരു കാര്യം നമുക്ക് വീട്ടുവാടകയിനത്തിൽ വരുമാനമൊന്നും ഇല്ലെങ്കിലും സ്വന്തം താമസത്തിനുപയോഗിക്കുന്ന വീട് വാങ്ങിക്കുന്നതിനോ നിർമ്മിക്കുന്നതിനോ അംഗീകൃത ധനകാര്യ സ്ഥാപനങ്ങളിൽ നിന്നും ലോൺ എടുത്തിട്ടുണ്ടെങ്കിൽ ആ ലോണിന് പലിശയിനത്തിൽ നൽകിയിട്ടുള്ള തുക ഈ തലക്കെട്ടിൽ നഷ്ടമായി കാണിക്കണം. (1999 ഏപ്രിൽ 1 ന് മുമ്പ് എടുത്ത ലോണാണെങ്കിൽ പരമാവധി 30,000 രൂപയും അതിന് ശേഷം എടുത്ത ലോണാണെങ്കിൽ പരമാവധി 1,50,000 രൂപ വരെയും കിഴിവ് അനുവദിക്കും. എന്നാൽ ലോൺ എടുത്ത് 3 വർഷത്തിനകം നിർമ്മാണം

പൂർത്തിയായിരിക്കണം)

Net Salary യോട് കൂടി മറ്റ് സ്രോതസ്സുകളിൽ നിന്നുള്ള വരുമാനം കൂടി കൂട്ടുമ്പോൾ കിട്ടുന്ന തുകയെ Total Income എന്നറിയപ്പെടുന്നു. ഇതിൽ നിന്നും ചാപ്റ്റർ VI-A പ്രകാരം 80 സി, 80 സി.സി.സി, 80 സി.സി.ഡി എന്നീ വകുപ്പുകൾ അനുസരിച്ച് പരമാവധി 1 ലക്ഷം രൂപ വരെ കുറവ് ചെയ്യാം.

**80 സി** പ്രകാരം അനുവദനീയമായ പ്രധാനപ്പെട്ട ഇളവുകൾ

- പ്രാവിഡന്റ് ഫണ്ടിൽ നിക്ഷേപിച്ച തുക (വായ്പ തിരിച്ചടവ് കണക്കിലെടുക്കരുത്)
- SLI, FBS, GIS, GPAIS തുടങ്ങിയവ
- ജീവനക്കാരുടെയോ ആശ്രിതരുടെയോ പേരിൽ അടച്ചിട്ടുള്ള ലൈഫ് ഇൻഷൂറൻസ് പ്രീമിയം
- നാഷണൽ സേവിംഗ്സ് ഡെപ്പോസിറ്റ്, അംഗീകൃത മ്യൂച്ച്വൽ ഫണ്ടിൽ നിക്ഷേപിച്ച തുക.
- നാഷണലൈസ്ഡ് ബാങ്കുകളിലെ 5 വർഷത്തേക്കുള്ള ടാക്സ് സേവർ സ്കീം.
- 5 വർഷം കാലാവധിയുള്ള പോസ്റ്റൽ ലൈഫ് ഇൻഷൂറൻസ് ഡെപ്പോസിറ്റ്
- വീട് നിർമ്മാണത്തിന് എടുത്ത ലോണിന്റെ മുതലിലേക്കുള്ള തിരിച്ചടവ് (പലിശ മുമ്പ് വിശദീകരിച്ച പോലെ Income From House Property എന്ന തലക്കെട്ടിൽ നഷ്ടമായി കാണിക്കുക)
- പരമാവധി രണ്ട് കുട്ടികൾക്ക് വിദ്യാഭ്യാസത്തിന് വേണ്ടി അംഗീകൃത സ്ഥാപനത്തിൽ നൽകിയ ട്യൂഷൻ ഫീസ്. (ഡൊണേഷൻ, ഡവലപ്പ്മെന്റ് ഫീസ്, കാപിറ്റേഷൻ ഫീ എന്നിവ പരിഗണിക്കില്ല) തെളിവായി സ്ഥാപനത്തിൽ നിന്നുള്ള റസിപ്റ്റ് ഹാജരാക്കേണ്ടി വരും

**80 സി.സി.സി** – ഐ.ആർ.ഡി.എ അംഗീകൃത പെൻഷൻ ഫണ്ടിൽ നിക്ഷേപിച്ച തുക.

**80 സി.സി.ഡി** – കേന്ദ്ര ഗവൺമെന്റ് അംഗീകൃത പെൻഷൻ ഫണ്ടിൽ നിക്ഷേപിച്ച തുക.

മുകളിൽ നൽകിയ മൂന്ന് വകുപ്പുകൾ പ്രകാരമുള്ള 1 ലക്ഷം രൂപയുടെ കിഴിവുകൾ കൂടാതെ താഴെ പറയുന്ന കിഴിവുകളും അനുവദനീയമാണ്.

**80. സി.സി.എഫ്** – കേന്ദ്ര ഗവൺമെന്റ് അംഗീകൃത ഇൻഫ്രാ സ്ട്രക്ചർ ബോണ്ടുകളിൽ നിക്ഷേപിച്ച തുക. (പരമാവധി 20,000 രൂപ)

**80. ഡി** – ജീവനക്കാരൻ , ഭാര്യ അല്ലെങ്കിൽ ഭർത്താവ്, മക്കൾ എന്നിവർക്ക് വേണ്ടി എടുത്തിട്ടുള്ള ആരോഗ്യ ഇൻഷൂറൻസ് പദ്ധതിയിലേക്ക് അടച്ച പ്രീമിയം. പരമാവധി 15,000 രൂപ. ഇത് കൂടാതെ രക്ഷിതാക്കളുടെ പേരിൽ എടുത്തിട്ടുള്ള ആരോഗ്യ ഇൻഷൂറൻസ് പ്രീമിയം പരമാവധി 15,000 രൂപ. (രക്ഷിതാക്കൾ സീനിയർ സിറ്റിസനാണെങ്കിൽ **20,000** രൂപ വരെ കിഴിക്കാം). ഇങ്ങനെ മൊത്തം 35,000 രൂപ വരെ കുറയ്ക്കാം. ഉദാഹരണം. മെഡിക്ലെയിം പോളിസി

**80 ഡി.ഡി** – ശാരീരികായോ, മാനസികമായോ അംഗവൈകല്യം സംഭവിച്ച, നികുതി ദായകനെ ആശ്രയിച്ച് കഴിയുന്ന ബന്ധുവിന്റെ ചികിത്സാ ചെലവ്. (വൈകല്യം 40 ശതമാനം മുതൽ 80 ശതമാനം വരെയാണെങ്കിൽ പരമാവധി 50,000 രൂപ. 80 ശതമാനത്തിൽ കൂടുതലാണെങ്കിൽ പരമാവധി 1 ലക്ഷം രൂപ)

**80. ഡി.ഡി.ബി** – മാരകമായ രോഗങ്ങൾ അനുഭവിക്കുന്ന നികുതി ദായകനോ അദ്ദേഹത്തിന്റെ ആശ്രിതർക്കോ വേണ്ടി ചെലവഴിച്ച ചികിത്സാ ചെലവ്. പരമാവധി 40,000 രൂപ (സീനിയർ സിറ്റിസനാണെങ്കിൽ 60,000 രൂപ). ഉദാഹരണം- കാൻസർ, എയിഡ്സ്, വൃക്ക തകരാറ്

**80.ഇ** – തന്റെയോ ആശ്രിതരുടെയോ ഉന്നത വിദ്യാഭ്യാസ ആവശ്യത്തിന് വേണ്ടി അംഗീകൃത സ്ഥാപനങ്ങളിൽ നിന്നും എടുത്തിട്ടുള്ള എഡ്യൂക്കേഷൻ ലോണിന്റെ പലിശ.

**80.ജി** – ധർമ്മസ്ഥാപനങ്ങളിലേക്കും മറ്റും നല്കിയ സംഭാവന. ചില സ്ഥാപനങ്ങൾക്കും ചാരിറ്റബിൾ സൊസൈറ്റിക്കും നല്കുന്ന തുക പൂർണ്ണമായും മറ്റു ചിലതിന് നല്കുന്നതിന്റെ 50 ശതമാനവും കിഴിവ് ലഭിക്കും.

**80 ജി.ജി.സി** – Representation of the People Act-1951 ലെ 29എ വകുപ്പ് പ്രകാരം അംഗീകരിക്കപ്പെട്ടിട്ടുള്ള രാഷ്ട്രീയ പാർട്ടികൾക്ക് നൽകിയ സംഭാവന മുഴുവനായും കുറയ്ക്കാം. പക്ഷെ തക്കതായ തെളിവുകൾ സമർപ്പിക്കേണ്ടി വരും.

**80.യു** – പൂർണ്ണമായോ ഭാഗികമായോ അംഗവൈകല്യമുള്ള നികുതി ദായകന് തന്റെ വരുമാനത്തിൽ നിന്നും വൈകല്യം 40 ശതമാനത്തിൽ കൂടുതലാണെങ്കിൽ 50,000 രൂപയും വൈകല്യം 80 ശതമാനത്തിൽ കൂടുതലാണെങ്കിൽ 1 ലക്ഷം രൂപയും കുറവ് ചെയ്യാവുന്നതാണ്.

മുകളിൽ കൊടുത്തിട്ടുള്ള എല്ലാ കിഴിവുകളും നടത്തിയതിന് ശേഷം ലഭിക്കുന്ന തുകയെ അടുത്ത 10 രൂപയിലേക്ക് റൌണ്ട് ചെയ്യുക. ഇതിനെ Taxable Income എന്നറിയപ്പെടുന്നു. ഈ തുകയുടെ മുകളിലാണ് നിശ്ചിത നിരക്കനുസരിച്ച് ടാക്സ് കണക്കാക്കേണ്ടത്. ടാക്സ് കണ്ടതിന് ശേഷം ആ ടാക്സിന്റെ മുകളിൽ 2 ശതമാനം എഡ്യൂക്കേഷൻ സെസും 1 ശതമാനം സെക്കണ്ടറി ആന്റ് ഹയർ എഡ്യൂക്കേഷൻ സെസും കൂട്ടുക (മൊത്തം മൂന്ന് ശതമാനം). ഈ കിട്ടിയ തുകയാണ് നിങ്ങളുടെ ഈ വർഷത്തെ ഇൻകം ടാക്സ്. ഇതിൽ നിന്നും നിങ്ങൾ മുമ്പ് അടച്ചിട്ടുള്ള ടാക്സ് കുറച്ച് ബാക്കി ഫെബ്രുവരിയിലെ ശമ്പളത്തിൽ കുറവ് ചെയ്യണം.

## Arrears ലഭിച്ചത് കാരണം നികുതി വർദ്ധിക്കുന്നുവോ..?

2011-12 സാമ്പത്തിക വർഷത്തിനിടയ്ക്ക് പേ റിവിഷൻ വന്നു എന്നത് ഒരു പ്രത്യേകതയാണ്. ഓപ്ഷൻ തിയ്യതി 2009 ജൂലൈ മുതൽ ഉണ്ടാവാം എന്നുള്ളത് കൊണ്ട് പലരും 2011 ഏപ്രിലിന് മുമ്പുള്ള തിയ്യതിയിൽ പേ ഫിക്സ് ചെയ്യുകയും അത് മൂലം ആ കാലയളവിലേക്കുള്ള പേ റിവിഷൻ അരിയർ വാങ്ങുകയും ചെയ്തിട്ടുണ്ടാകാം. ഡി.എ.അരിയർ , പേ റിവിഷൻ അരിയർ തുടങ്ങിയവ ആദ്യം ഈ വർഷത്തെ വരുമാനത്തിൽ ചേർക്കണം. ഇവയിൽ പി.എഫിൽ ലയിപ്പിച്ച ഭാഗം ഡിഡക്ഷനായും കാണിക്കാവുന്നതാണ്. പക്ഷെ സെക്ഷൻ 80-സി പ്രകാരമുള്ള കിഴിവുകൾ ഇതു കൂടാതെ തന്നെ 1 ലക്ഷം രൂപയിൽ കവിഞ്ഞിട്ടുണ്ടെങ്കിൽ ഈ ഡിഡക്ഷന് ഫലമുണ്ടാകില്ല.

സാലറി അരിയർ , ഡി.എ.അരിയർ , പേ റിവിഷൻ അരിയർ എന്നിവയിൽ 2011 ഏപ്രിലിന് മുമ്പുള്ള ഏതെങ്കിലും മാസങ്ങളിലെ അരിയർ വന്നിട്ടുണ്ടെങ്കിൽ അത് ഈ വർഷത്തെ വരുമാനമായി കാണിക്കുകയും 89(1) വകുപ്പ് പ്രകാരം അരിയർ സാലറിയുടെ റിലീഫ് അവകാശപ്പെടുകയും ചെയ്യണം.

അരിയർ സാലറിയുടെ റിലീഫ് അവകാശപ്പെടാമെന്നുള്ളത് പലരും അറിയാതെ പോവുകയോ, അതല്ലെങ്കിൽ അറിഞ്ഞിട്ടും സങ്കീർണ്ണമായ പേപ്പർ വർക്കുകൾ കാരണം വേണ്ടെന്ന് വെക്കുകയോ ചെയ്യുന്ന പ്രവണത കണ്ട് വരുന്നു. എന്നാൽ ഈ ബുദ്ധിമുട്ടുകൾ കുറയ്ക്കുന്നതിന് വേണ്ടി തയ്യാറാക്കിയ പുതിയ **Relief Calc** എന്ന എക്സൽ അപ്ലിക്കേഷൻ പരിചയപ്പെടുത്തട്ടെ. വളരെ കുറഞ്ഞ നേരം കൊണ്ട് ഒരു ബുദ്ധിമുട്ടുമില്ലാതെ, ചിലപ്പോൾ ഒരുപാട് സാമ്പത്തിക ലാഭം ഉണ്ടാക്കാൻ ഇത് സഹായിച്ചേക്കാം.

# Relief Calc ഉപയോഗിച്ച് അരിയർ റിലീഫ് കണക്കാക്കുന്നതിന്

റിലീഫ് കണക്കാക്കുന്നതിന് മുമ്പായി നിങ്ങൾ EASY TAX ഓപ്പൺ ചെയ്ത് ഈ വർഷത്തെ വിവരങ്ങൾ ചേർക്കുക. കാരണം റിലീഫ് നമുക്ക് ആവശ്യമുണ്ടെങ്കിൽ മാത്രം ക്ലെയിം ചെയ്താൽ മതി. ഈ വർഷം അരിയർ അടക്കമുള്ള മൊത്തവരുമാനത്തിന് മേൽ ടാക്സ് വരുന്നില്ലെങ്കിൽ റിലീഫ് കണക്കാക്കാൻ സമയം ചെലവഴിക്കേണ്ട ആവശ്യമില്ലല്ലോ.. മാത്രമല്ല റിലീഫ് കണക്കാക്കുന്നതിന് ഈ വർഷത്തെ

മൊത്തവരുമാനം എത്രയാണെന്ന് അറിയുകയും വേണം. ആയത് കൊണ്ട് ആദ്യം EASY TAX ലെ വിവരങ്ങൾ എന്റർ ചെയ്യുക. അതിൽ അരിയർ ചേർക്കാനുള്ള സ്ഥലങ്ങളിൽ അത് ചേർക്കുകയും ചെയ്യുക. ഇനി ഇതിലെ Statement എടുത്ത് നോക്കിയാൽ ടാക്സ് വരുന്നുണ്ടോ എന്നറിയാം. ടാക്സ് അടക്കേണ്ടതുണ്ടെങ്കിൽ മാത്രം റിലീഫ് കണക്കാക്കുന്നതിന് അടുത്ത സ്റ്റെപ്പിലേക്ക് പോവുക.

റിലീഫ് കണക്കാക്കുന്നതിന് ആകെ രണ്ട് കാര്യങ്ങളാണ് വേണ്ടത്.

1) നിങ്ങൾക്ക് മൊത്തം ലഭിച്ച അരിയർ സാലറിയെ അതത് വർഷങ്ങളിലേക്ക് വീതിച്ച് ഒരു കടലാസിൽ എഴുതി വെക്കുക. അത് നിങ്ങളുടെ അരിയർ ബില്ലിന്റെ കൂടെ നൽകിയ Due-Drawn Statement ൽ നിന്നും വളരെ അനായാസം കണ്ടെത്താവുന്നതാണ്. ഉദാരണമായി നിങ്ങളുടെ പേ റിവിഷന്റെ ഓപ്ഷൻ തിയ്യതി 01/07/2009 ആണെങ്കിൽ നിങ്ങൾക്ക് അത് മുതലുള്ള അരിയർ സാലറി ലഭിച്ചിട്ടുണ്ടാകും. അങ്ങിനെ ലഭിച്ച മൊത്തം അരിയറിൽ 2009-10, 2010-11, 2011-12 എന്നീ ഓരോ വർഷങ്ങളിലേക്കും ആകെ ലഭിച്ചത് വേർ തിരിച്ചു വെക്കുക. അരിയർ സ്പ്ലിറ്റ് ചെയ്യുന്നതിന് **Arrear Splitter** ഉപയോഗിക്കാവുന്നതാണ്.

2) ഈ വർഷത്തെയും അത് പോലെ ഏതൊക്കെ മുൻവർഷങ്ങലിലേക്കുള്ള അരിയറാണോ ലഭിച്ചത് ആ വർഷങ്ങളിലെയും അരിയർ കൂട്ടാതെയുള്ള Taxable Income എത്രയാണ് എന്ന് പരിശോധിക്കുക. ടാക്സബിൾ ഇൻകം എന്ന് പറഞ്ഞാൽ എല്ലാ കിഴിവുകളും കഴിഞ്ഞിട്ടുള്ള തുകയാണ്. അതായത് ഏത് തുകയുടെ മുകളിലാണോ നമ്മൾ ടാക്സ് കാൽക്കുലേറ്റ് ചെയ്യുന്നത് ആ തുക. നമ്മൾ മുമ്പ് വിവരിച്ച പോലെ ഈ വർഷത്തെ വിവരങ്ങൾ EASY TAX ൽ എന്റർ ചെയ്തിട്ടുണ്ടെങ്കിൽ ഈ വർഷത്തെ ടാക്സബിൾ ഇൻകം അതിൽ നിന്നും ലഭിക്കും. മറ്റ് വർഷങ്ങളിലെ ടാക്സബിൾ ഇൻകം ലഭിക്കണമെങ്കിൽ നമ്മൾ അതത് വർഷങ്ങളിൽ നൽകിയിട്ടുള്ള ടാക്സ് സ്റ്റേറ്റ്മെന്റുകളുടെ കോപ്പികൾ എടുത്ത് പരിശോധിച്ചാൽ മാത്രം മതി.

ഈ രണ്ട് കാര്യങ്ങൾ മാത്രം ലഭിച്ചു കഴിഞ്ഞാൽ നിങ്ങൾ Relief Calc ഓപ്പൺ ചെയ്യുക. ഇതിന് പാർട്ട് എ മുതൽ പാർട്ട്-ഇ വരെ 5 ഭാഗങ്ങളുണ്ട്.

പാർട്ട്-എയിൽ പേര്, ഉദ്യോഗപ്പേര്, ഓഫീസ്, പാൻ നമ്പർ എന്നിവ എന്റർ ചെയ്യുക. അതിന് ശേഷം കാറ്റഗറി സെലക്ട് ചെയ്യുക. ഇത് വളരെ പ്രധാനപ്പെട്ടതാണ്. ഇതില്ലെങ്കിൽ കാൽക്കുലേഷൻ ശരിയാകില്ല.

പാർട്ട് ബി യിൽ മൂന്ന് നിരകളുണ്ട്.

- ആദ്യത്തെ നിരയിൽ അരിയർ സാലറി ബാധകമായിട്ടുള്ള ഓരോ വർഷത്തെയും അരിയർ ഒഴിച്ചുള്ള ടാക്സബിൾ ഇൻകം ചേർക്കുക. അരിയർ ബാധകമല്ലാത്ത വർഷങ്ങളിലേ കോളങ്ങൾ ശൂന്യമായി വിട്ടാൽ മതി. ഈ വർഷത്തെ ടാക്സബിൾ ഇൻകം ചേർക്കുന്നതിന് EASY TAX ലെ Statement എന്ന ബട്ടണിൽ ക്ലിക്ക് ചെയ്യുമ്പോൾ ലഭിക്കുന്ന സ്റ്റേറ്റ്മെന്റിലെ 13 ാമത്തെ ഐറ്റത്തിന് ( ie; Taxable income rounded off to the nearest multiple of Ten ) നേരെ വരുന്ന തുക അരിയർ അടക്കമുള്ള തുകയാണ്. ഇതിൽ നിന്നും ഈ വർഷം ലഭിച്ച അരിയർ കുറച്ചാൽ മതി. ഉദാഹരണമായി Statement ലെ ഐറ്റം 13 ൽ കാണുന്ന തുക 3,25,000 വും ഈ വർഷം ലഭിച്ച അരിയർ 40,000 വും ആണെങ്കിൽ നിങ്ങൾ ഈ വർഷത്തെ കോളത്തിൽ 2,85,000 എന്ന് ചേർത്താൽ മതി.
- രണ്ടാമത്തെ നിരയിൽ നമ്മൾ നേരത്തെ തയ്യാറാക്കി വെച്ചതനുസരിച്ച് ഓരോ വർഷങ്ങളിലേക്കും ബാധകമായിട്ടുള്ള അരിയറുകൾ അതത് കോളങ്ങളിൽ രേഖപ്പെടുത്തുക.
- മൂന്നാമത്തെ നിരയുടെ അവസാനം നമ്മൾ മൊത്തം ഈ വർഷം വാങ്ങിയ അരിയർ കാണാം.

ഇത്ര മാത്രമേ നമ്മൾ ചെയ്യേണ്ടതുള്ളു. പാർട്ട് സി, ഡി, ഇ എന്നിവയിൽ നമ്മൾ ഒന്നും എന്റർ

ചെയ്യേണ്ടതില്ല. പാർട്ട്-ഇ യിൽ നമ്മൾക്ക് അരിയർ റിലീഫ് ക്ലെയിം ചെയ്യാൻ കഴിയുമെങ്കിൽ ആ തുക കാണാം. അങ്ങനെയെങ്കിൽ പാർട്ടി-ഇ യ്ക്ക് താഴെ നൽകിയിട്ടുള്ള പ്രിന്റ് ബട്ടൺ ഉപയോഗിച്ച് നിങ്ങൾക്ക് 10-ഇ ഫോറം, അനക്സർ, ടേബിൾ-എ എന്നിവ പ്രിന്റ് ചെയ്യാം. എന്നിട്ട് പ്രസ്തുത റിലീഫ് ഇൻകം ടാക്സ് സ്റ്റേറ്റ്മെന്റുകളിലെ Releif u/s 89(1) എന്ന കോളത്തിൽ ചേർക്കുക. നിങ്ങൾ ഈസി-ടാക്സ് ഉപയോഗിക്കുന്നുവെങ്കിൽ Deduction എന്ന സെക്ഷനിലെ ഇരുപത്തിമൂന്നാമത്തെ വരിയിൽ ഈ തുക ചേർക്കുക.

# Manual ആയി റിലീഫ് കാൽക്കുലേറ്റ് ചെയ്യുന്നതിന്

Relief Calc ഉപയോഗിക്കുന്നവർക്ക് ഈ റീലീഫ് കാൽക്കുലേറ്റ് ചെയ്യുന്ന സ്റ്റെപ്പുകളൊന്നും മനസ്സിലാക്കി വെക്കേണ്ടതില്ല. എങ്കിലും സ്വന്തമായി റിലീഫ് കാൽക്കലേറ്റ് ചെയ്യുന്നവർക്ക് വേണ്ടി ഇതിനുള്ള സ്റ്റെപ്പുകൾ താഴെ കൊടുക്കുന്നു.

1. ആദ്യം ഈ വർഷം നമുക്ക് ലഭിച്ച മൊത്തം വരുമാനത്തിൻറെ, അതായത് ലഭിച്ച അരിയർ അടക്കമുള്ള തുകയുടെ നികുതി കണക്കാക്കുക.
2. പിന്നീട് മൊത്തം വരുമാനത്തിൽ നിന്നും അരിയർ കുറച്ച് ബാക്കി തുകയുടെ നികുതി കാണുക. ഇവിടെ അരിയർ കുറയ്ക്കുമ്പോൾ ഈ വർഷത്തേക്ക് ബാധകമായിട്ടുള്ളത് കുറയ്ക്കരുത്. അത് ഈ വർഷത്തെ വരുമാനം തന്നെയാണ്.
3. സ്റ്റെപ്പ്-1 ൽ കണ്ട നികുതിയിൽ നിന്നും സ്റ്റെപ്-2 ൽ കണ്ട നികുതി കുറയ്ക്കുക ( ഇത് ഈ വർഷം അരിയർ ലഭിച്ചത് കാരണം വന്നിട്ടുള്ള അധിക നികുതി ബാധ്യതയാണ് )
4. അരിയർ ബാധകമായിട്ടുള്ള മുൻവർഷങ്ങളിൽ നമ്മൾ അന്ന് നൽകിയ നികുതികൾ കണ്ടെത്തി അതിന്റെ തുക കാണുക (ഇതിന് ആ വർഷങ്ങളിലെ ആദായ നികുതി സ്റ്റേറ്റ്മെന്റുകൾ പരിശോധിക്കുക )
5. ഈ ഓരോ വർഷത്തെയും അന്നത്തെ മൊത്തം വരുമാനത്തോട് കൂടി ഇപ്പോൾ അതത് വർഷത്തേക്ക് ലഭിച്ച അരിയറുകൾ കൂട്ടി ആ വർഷങ്ങളിലെ നികുതി റീകാൽക്കുലേറ്റ് ചെയ്യുക. എന്നിട്ട് ഈ പുതിയ നികുതികളുടെ തുക കാണുക. മുൻ വർഷങ്ങളിലെ നികുതി നിരക്കുകൾ ഓർക്കുന്നില്ലെങ്കിൽ **Previous IT Rates** ഡൌൺലോഡ് ചെയ്യുക.
6. അതിന് ശേഷം സ്റ്റെപ് -5 ൽ ലഭിച്ച തുകയിൽ നിന്നും-4 ൽ ലഭിച്ച തുക കുറയ്ക്കുക. (ഇത് അരിയറുകൾ അതത് വർഷങ്ങളിൽ ലഭിച്ചിരുന്നെങ്കിൽ അന്ന് വരുമായിരുന്ന അധിക നികുതി ബാധ്യതയാണ് )
7. ഇനി സ്റ്റെപ്-3 ൽ ലഭിച്ച തുകയിൽ നിന്നും സ്റ്റെപ്-6 ൽ ലഭിച്ച തുക കുറയ്ക്കുക. ഈ കിട്ടുന്ന തുകയാണ് നമുക്ക് അവകാശപ്പെടാവുന്ന റിലീഫ്. (അതായത് ഇപ്പോൾ അരിയർ ലഭിച്ചത് കാരണം അധികമായി വന്നിട്ടുള്ള നികുതിയിൽ നിന്നും അന്നന്ന് അടയ്ക്കേണ്ടിയിരുന്ന നികുതി കുറച്ച് ബാക്കിയുള്ളത് )

അരിയർ സാലറി ലഭിച്ച എല്ലാവർക്കും 89(1) പ്രകാരമുള്ള റിലീഫിന്റെ പ്രയോജനം ലഭിക്കണമെന്നില്ല. കാരണം അരിയർ ബാധകമായിട്ടുള്ള വർഷങ്ങളിൽ നമ്മൾ നേരത്തെ തന്നെ നികുതി അടക്കേണ്ടി വന്നിട്ടുണ്ടെങ്കിൽ അരിയർ അതത് വർഷങ്ങളിലെ വരുമാനങ്ങളോടൊപ്പം കൂട്ടുകയാണെങ്കിൽ ആ വർഷങ്ങളിലെ നികുതി വർദ്ധിക്കുന്നു. അത്തരക്കാർക്ക് ഇതിന്റെ പ്രയോജനം ലഭിക്കില്ല.

എന്നാൽ ഈ വർഷം അരിയർ ലഭിച്ചത് കാരണം നമ്മുടെ വരുമാനം വർദ്ധിച്ച് 5 ലക്ഷം രൂപയിൽ കവിഞ്ഞിട്ടുണ്ടെങ്കിൽ നമ്മൾ 5 ലക്ഷത്തിന് മുകളിലുള്ള തുകയ്ക്ക് 20 ശതമാനം നികുതി അടയ്ക്കേണ്ടി വരും. എന്നാൽ അരിയർ അതത് വർഷങ്ങളിലേക്ക് മാറ്റിയാൽ നികുതി ബാധ്യത 10 ശതമാനത്തിൽ ഒതുങ്ങിയേക്കാം. ഇങ്ങനയുള്ളവർക്ക് മുൻവർഷങ്ങളിൽ നികുതി അടച്ചിരുന്നുവെങ്കിലും റിലീഫിന്റെ പ്രയോജനം ലഭിക്കും. പക്ഷെ വളരെ അപൂർവ്വം പേർക്ക് മാത്രമേ ടാക്സബിൾ ഇൻകം 5 ലക്ഷത്തിൽ കവിയുകയുള്ളൂ.

പലരും വിളിച്ചു ചോദിക്കപ്പെട്ട ഒരു സംശയം അവർക്ക് കഴിഞ്ഞ വർഷങ്ങളിൽ 80 സി വകുപ്പ് പ്രകാരമുള്ള കിഴിവുകൾ 1 ലക്ഷം രൂപയിൽ താഴെയാണ്. അത് കൊണ്ട് ഈ വർഷം ലഭിച്ച അരിയറിൽ നിന്നും കഴിഞ്ഞ വർഷത്തേക്ക് ബാധകമായതും ഇപ്പോൾ പി.എഫിൽ ലയിപ്പിച്ചതുമായ തുക അന്നത്തെ ഡിഡക്ഷനിൽ കൂട്ടി ആ വർഷത്തെ ടാക്സബിൾ ഇൻകം പുനർ നിർണ്ണയിച്ചു കൂടെ എന്നാണ്. എന്നാൽ ഇത് സാധ്യമല്ല. കഴിഞ്ഞ വർഷം നൽകിയ സ്റ്റേറ്റ്മെന്റുകളിൽ കാണിച്ച ടാക്സബിൾ ഇൻകത്തിൽ ഒരു മാറ്റവും വരുത്താൻ നമുക്ക് അർഹതയില്ല. ഈ വർഷം പി.എഫിൽ ലയിപ്പിച്ച തുക ഈ വർഷത്തെ ഡിഡക്ഷനായി മാത്രമേ കാണിക്കാവൂ. അല്ലാതെ കഴിഞ്ഞ വർഷത്തെ ഡിഡക്ഷനിലേക്ക് അഡ്ജസ്റ്റ് ചെയ്യാൻ സാധ്യമല്ല.